©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 ഒക്ടോബർ 06
06th October 2025
1201 കന്നി 20
20th Kanni 1201
1947 ആശ്വിനം 14
14th Aswina 1947

നമ്പർ
No.
3538

തദ്ദേശസ്വയംഭരണ വകുപ്പ്

തിരുത്തൽ വിജ്ഞാപനം

LSGD/PD/32277/2024-EER1

തിരുവനന്തപുരം, , 2025 ഒക്ടോബർ 05

1994-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചു കൊണ്ടും സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക്പഞ്ചായത്തുകളിലും 14 ജില്ലാപഞ്ചായത്തുകളിലും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, പട്ടികജാതികളിലോ പട്ടിക വർഗ്ഗങ്ങളിലോപെടുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും, പട്ടികജാതിക്കാർ, പട്ടികജാതിയിൽ പെടുന്ന സ്ത്രീകൾ, പട്ടികവർഗ്ഗക്കാർ, പട്ടികവർഗ്ഗത്തിൽപെടുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ത്രീകൾ എന്നിവർക്കായി സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ചുകൊണ്ട് 07-09-2024ാം തീയതി 2888 നമ്പർ (വാല്യം13) കേരള ഗസറ്റ് വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടിക 1-ൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ കുണ്ടറ, പേരയം ഗ്രാമപഞ്ചായത്തുകളുടെ സെൻസസ് ഡേറ്റയിലെ വ്യത്യാസം ബോധ്യപ്പെട്ടതിനാൽ ടി വിജ്ഞാപനം തിരുത്തൽ വരുത്തി, കണ്ടറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പടെ) ഒന്നിൽ (1) നിന്ന് മൂന്ന് (3) ആയും, പേരയം ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പടെ) മൂന്നിൽ (3) നിന്ന് ഒന്ന് (1) ആയും പുനഃക്രമീകരിച്ചുകൊണ്ട് അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 2025 ഒക്ടോബർ 3-ാം തീയതിയിലെ സ.ഉ.(സാധാ)നം.2410/2025/തസ്വഭവ നമ്പർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) ക്ക് നിർദ്ദേശം നൽകിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 07-09-2024-ാം തീയതിയിലെ 2888 നമ്പർ (വാല്യം13) കേരള ഗസറ്റ് വിജ്ഞാപനത്തിലെ പട്ടിക 1-ൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമ പഞ്ചായത്തിന് നേരെ കോളം (5)-ൽ പറയുന്ന പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) '3' (മൂന്ന്) ആയും കോളം (6) -ൽ പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം '2' (രണ്ട്) ആയും പേരയം ഗ്രാമപഞ്ചായത്തിന് നേരെ കോളം (5) പറയുന്ന പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) '1' (ഒന്ന്) ആയും കോളം (6) പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം '0' (പൂജ്യം) ആയും തിരുത്തൽ വരുത്തി വിജ്ഞാപനം ചെയ്യുന്നു.

അപൂർവ ത്രിപാഠി, ഐ.എ.എസ്
ഡയറക്ടർ (റൂറൽ)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.06 08:05:55 +05:30